മംഗളം

6 November 2016

# മത്സ്യത്തൊഴിലാളി സ്ത്രീ ശാക്തീകരണത്തിന് പരിശീലന പദ്ധതിയുമായി സി.എം.എഫ്.ആർ.ഐ.

കൊച്ചി: മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) നടത്തുന്ന തീരനൈപുണ്യ ബഹുമുഖ പരിശീലന പരിപാടിക്ക് കൊച്ചിയിൽ തുടക്കമായി. ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി വനിതാ സഹായക സംഘവുമായി (സാഫ്) ചേർന്നാണ് സി.എം.എഫ്.ആർ.ഐ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവതികൾക്ക് രണ്ട് മാസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്.

സാഫ് എക്സിക്യൂട്ടീവ് ഡയറക്ടർ സി.ആർ. സത്യവതി പരിപാടി ഉദ്ഘാടനം ചെയ്തു. തുടർവിദ്യാഭ്യാസ പ്രോത്സാഹനം, തൊഴിൽ വൈദഗ്ധ്യം, വ്യക്തിത്വ വികസനം, നേതൃത്വപാടവശേഷി, സംരംഭകത്വം, ആശയവിനിമയ ശേഷി, തുടങ്ങിയ വൈവിധ്യമായ മേഖലകളിലാണ് യുവതികൾക്ക് പരിശീലനം നൽകുന്നത്. ആദ്യത്തെ ഒരു മാസം 70 ഓളം വിദഗ്ധരുടെ മേൽനോട്ടത്തിൽ ക്ലാസ്റും പരിശീലനവും അടുത്ത മാസം തിരഞ്ഞെടുക്കുന്ന മേഖലകളിൽ പ്രായോഗിക പരിശീനവുമാണ് നൽകുക. വിദ്യാഭ്യാസ യോഗ്യതകൾക്കും അഭിരുചിക്കും അനുയോജ്യമായ സ്ഥാപനങ്ങൾ, സാങ്കേതിക സ്ഥാപനങ്ങൾ, ബിസിനസ് സംരംഭങ്ങൾ, മറ്റ് തൊഴിലിടങ്ങൾ എന്നിവിടങ്ങളിലായിരിക്കും പ്രായോഗിക പരിശീലനം.

തൊഴിൽ നേടാനും സാമ്പത്തിക സ്വാശ്രയത്വംകൈവരിക്കുന്നതിനുമുതകുന്ന രീതിയിൽ കഴിവുകൾ വികസിപ്പിക്കുന്ന തരത്തിലാണ് പരിശീലന പരിപാടി സംവിധാനിച്ചിട്ടുള്ളത്. തീരനൈപുണ്യ പദ്ധതിയുടെ രണ്ടാം ഘട്ടമാണ് ഇപ്പോൾ നടക്കുന്നത്. കഴിഞ്ഞ ഫെബ്രുവരി – ഏപ്രിൽ കാലയളവിൽ ഒന്നാം ഘട്ടത്തിൽ പരിശീലനം ലഭിച്ചവരിൽ ഭൂരിഭാഗം പേർക്കും തൊഴിൽ ലഭിക്കുകയുണ്ടായി.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട്, സാമൂഹിക പ്രാധാന്യമുള്ള പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് സി.എം.എഫ്.ആർ.ഐ തീരനൈപുണ്യ പരിശീലന പദ്ധതി സംഘടിപ്പിച്ചിട്ടുള്ളതെന്ന് പരിപാടിയുടെ കോഴ്സ് ഡയറക്ടറും സി.എം.എഫ്.ആർ.ഐ പ്രിൻസിപ്പൽ സയന്റിസ്റ്റുമായ ഡോ. ശ്യാം എസ്. സലീം പറഞ്ഞു. ഡോ. വിപിൻ കുമാർ, ഡോ. വി. കൃപ, മാജാ ജോസ് പി എന്നിവർ സംസാരിച്ചു.